

# ട്രാവൻകൂർ റയോൺസ് കൈമാറ്റമെന്ന രാഷ്ട്രീയ നാടകം

കേരളീയം ന്യൂസ് സർവ്വീസ്

പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് കമ്പനി രാഷ്ട്രീയ കൺകെട്ട് വിദ്യകളിലൂടെ സ്വകാര്യ വ്യവസായിക്ക് ചുളുവിൽ കൈമാറുന്നതിന് ഭരണതലത്തിൽ നീക്കങ്ങൾ ശക്തമായി. 1950-ൽ ഇന്ത്യയിലാദ്യമായ് പ്രകൃതിദത്തനാരുകളിൽ നിന്ന് റയോൺ ഉല്പാദിപ്പിക്കുന്നതിനു വേണ്ടി ആരംഭിച്ച ഈ കമ്പനി റയോൺ ഇറക്കുമതി അനുവദിക്കപ്പെട്ടതോടെയാണ് പ്രതിസന്ധിയിലായത്. മലയാള മനോരമ കുടുംബം ഉൾപ്പെടെയുള്ളവർ നേടിയെടുത്ത ഇറക്കുമതി ലൈസൻസുകളെത്തുടർന്ന് പലവട്ടം അടച്ചുപൂട്ടൽ ഭീഷണി നേരിട്ടപ്പോൾ സർക്കാർ ഇടപെടലിലൂടെ വിവിധ സർക്കാർ ഏജൻസികളിൽ നിന്നും പൊതു സ്വകാര്യ മേഖലാ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വൻതോതിൽ വായ്പകൾ ലഭ്യമാക്കി സ്ഥാപനം പുനരുദ്ധരിക്കുന്നതിന് ശ്രമം നടന്നു. എന്നാൽ പഴയതുപോലെ വൻലാഭം കിട്ടുകയില്ലെന്ന് മനസ്സിലാക്കിയ ചെട്ടിയാർ ഗ്രൂപ്പ് (എം.സി.ടി. ചിദംബരം ചെട്ടിയാർ) സ്ഥാപനം അടച്ചുപൂട്ടലിലേക്ക് നയിക്കുന്നതിന് മനഃപൂർവ്വം കരുക്കൾ നീക്കി. 2002 കമ്പനി പൂർണമായും ലേ ഓഫിലായ്. തുടർന്ന് ഭരണതലത്തിൽ നടന്ന നിരവധി ചർച്ചകളുടെ ഫലമായി മദ്രാസിലെ ദാമോദർ ഗ്രൂപ്പ് ഫാക്ടറി ഏറ്റെടുക്കാൻ മുന്നോട്ടുവന്നു. എന്നാൽ വിശദമായ ചർച്ചകൾക്കൊടുവിൽ കമ്പനി ദൗത്യത്തിൽ നിന്നും പിന്മാറി. ഇതിനിടയിൽ തൊഴിലാളികൾ പലരും സ്വമേധയാ പിരിഞ്ഞുപോകുകയും മറ്റു തൊഴിലുകൾ തേടുകയും ചെയ്തു. നിരവധി പേർ വിരമിക്കൽ പ്രായം കഴിഞ്ഞു.

ഈ സന്ദർഭത്തിലാണ് കൊച്ചിയിലെ കയറ്റുമതി വ്യാപാരിയായ എലഞ്ഞിക്കൽ ജോസഫ് വർഗീസ് (ജോജോ) കമ്പനി ഏറ്റെടുക്കാൻ മുന്നോട്ട് വന്നത്. ഇപ്പോൾ കേന്ദ്രവ്യവസായത്തർക്ക പുനരുദ്ധാരണ ബോർഡ് ഫാക്ടറി ലിക്വിഡേറ്റു ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനത്തിന് കോടതിയിൽന്നും സ്റ്റേ വാങ്ങിയാണ് സ്വകാര്യ സംരംഭകർക്ക് ഫാക്ടറി കൈമാറാൻ നീക്കം നടക്കുന്നത്. ഫാക്ടറി വിഭജിച്ച് ചെറുകിട വ്യവസായങ്ങളുടെ ക്ലസ്റ്റർ രൂപീകരിക്കും എന്നാണ് പ്രമോട്ടറായി രംഗത്തെത്തിയിട്ടുള്ള ജോജോ പറയുന്നത്. കേരള സർക്കാർ 25 വർഷം കൂടുമ്പോൾ പുതുക്കണമെന്ന വ്യവസ്ഥയിൽ പാട്ടത്തിനു നൽകിയതാണ് ഫാക്ടറിയുടെ 72 ഏക്കർ ഭൂമി. കമ്പനിയോട് ചേർന്ന് 2 കി.മീ. പുഴത്തീരവും ചുറ്റും റോഡും നവീകരിച്ച എം.സി. റോഡിന്റെ സാമീപ്യവും പെരിയാറിൽ തിരുവൈരാണിക്കുളത്ത് പുതി പാലം പണിതീർന്നാൽ നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും ആലുവയിൽനിന്നും എളുപ്പത്തിൽ എത്തിച്ചേരാമെന്നതുമെല്ലാം ഭൂമിവില തന്നെ 250 കോടി രൂപയോളം ആക്കുന്ന സ്ഥിതി ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ ആധുനിക രൂപകല്പനയിൽ നിർമ്മിച്ച് ഗസ്റ്റ്ഹൗസ് അടക്കമുള്ള കെട്ടിടങ്ങളും യന്ത്രസാമഗ്രികളും പ്ലാറ്റിനം പോലെയുള്ള വിലയേറിയ ലോഹാവശിഷ്ടങ്ങളുമെല്ലാം ചേർന്ന് 350 കോടി രൂപയെങ്കിലും ആസ്തി കണക്കാക്കാം. ഇത് കേവലം 5 കോടി രൂപയ്ക്ക് ബാധ്യതകൾ തീർക്കുന്നതിന് ഒത്താശ ചെയ്ത് ജോജോയ്ക്ക് കൈമാറുന്നതിനാണ് നീക്കം. ഇദ്ദേഹം പ്രമുഖരായ രാഷ്ട്രീയ നേതാക്കളുടെ ബിനാമിയാണെന്നും ആരോപണമുയർന്നിട്ടുണ്ട്. പ്ലാസ്റ്റിക് നിരോധനത്തെത്തുടർന്ന് ആവശ്യം വർദ്ധിച്ചിട്ടുള്ള സെല്ലോഫെൻ പേപ്പറിന്റെ ഉല്പാദനം പുനരാരംഭിക്കുന്നതോടൊപ്പം തന്റെ ഉടമസ്ഥതയിൽ ആലുവ - എരുമത്തലയിൽ പ്രവർത്തിക്കുന്ന സ്പ്രിന്റ് കോള ഫാക്ടറിയും ഇവിടേയ്ക്കു മാറ്റാൻ ജോജോ ഉദ്ദേശിക്കുന്നു. കൂടാതെ ഐ.ടി. ടൂറിസം പ്രോജക്ടുകൾകൂടി ഉൾപ്പെടുത്തി പ്രത്യേക സാമ്പത്തിക മേഖല ആക്കി മാറ്റി പൂർണ്ണമായ നികുതിയിളവുകൾ നേടുന്നതിനും ശ്രമം നടക്കുന്നു.

പദ്ധതിയുടെ ഭാഗമായി പാണിയേലി, പോര്, കല്ലാർ, ചേപ്പാട് എന്നിങ്ങനെ 3 സ്ഥലങ്ങളിൽ ചെറു ജലവൈ

*(ശേഷം 14-ാം പേജിൽ)*